# നാളികേര സംഘങ്ങൾ വഴി നീര ഉത്പാദനവും വിതരണവും വ്യാപിപ്പിക്കും

കൊച്ചി: നാളികേര കർഷക സംഘം വഴി നീര ഉത്പാദനവും വിതരണവും വ്യാപിപ്പിക്കാമെന്ന് ചീഫ് കോക്കനട്ട് ഡവലപ്മെൻറ് ഓഫീസർ സുഖത്ഘോഷ് പറഞ്ഞു.

കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കുന്ന അഗ്രി എക്സ്പോയോടനുബന്ധിച്ച് സംഘടിപ്പിച്ച 'നീര ഉത്പാദനവും മൂല്യവർധിത ഉത്പന്നങ്ങളും' എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അന്യസംസ്ഥാനങ്ങളിൽ നീര ഉത്പാദനം വർധിച്ച തോതിൽ നടക്കുന്നുണ്ട്. കേരളത്തിൽ ഉത്പാദനം നടന്നാൽ കർഷകസംഘങ്ങളിലൂടെ വിപണിയിൽ എത്തിക്കുവാനും കയറ്റുമതി കൂട്ടുവാനും സാധിക്കും.

നാളികേരത്തിൻെറ ഉത്പാദനത്തിൽ ഇന്ത്യ രണ്ടാംസ്ഥാനത്താണ്. ഉത്പാദനക്ഷമതയിൽ ഒന്നാം സ്ഥാനവുമുണ്ട്. എന്നാൽ നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലാണ്.

നാളികേരത്തിൽ നിന്നുണ്ടാക്കാവുന്ന മൂല്യവർധിത ഉത്പന്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് നീര. നീര ഉത്പാദനം വഴി ചെത്തുതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമില്ല. ആകെ ഉത്പാദനത്തിൻെറ ഒരു ശതമാനംമാത്രമാണ് നീരയ്ക്കായി മാറ്റിവയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

നീര ചെത്തുന്നവരുടെ ഒരു തൊഴിൽ സമൂഹം വളർത്തിയെടുക്കും.

ഇത്തരത്തിൽ ആയിരം നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കുവാൻ ബജറ്റിൽ തുക നീക്കിവയ്ക്കുവാൻ സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സുഖത്ഘോഷ് പറഞ്ഞു.

കേരള സർവകലാശാല അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. വി. കെ. രാജു, കേരള സ്റ്റേറ്റ് ചെത്ത് തൊഴിലാളി ഫെഡറേഷൻ ജോയിൻറ് സെക്രട്ടറി ഇ. സി. സതീശൻ, കേരള പ്രദേശ് ടോഡി ആൻഡ് അബ്കാരി മസ്ദൂർ ഫെഡറേഷൻ ജനറൽ സെക്രട്ടറി എം. കെ. ഉണ്ണിക്കൃഷ്ണൻ, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ കെ. എ. സെബാസ്റ്റ്യൻ, കോക്കനട്ട് ഡെവലപ്മെൻറ് ബോർഡ് മാർക്കറ്റിങ് ഓഫീസർ ദീപ്തിനായർ എന്നിവർ പങ്കെടുത്തു.